**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6518** **10-07-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ ഡി കെ മുരളി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ വന്നശേഷം പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും ഓരോ വികസന പദ്ധതിയുടേയും പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (എ) | പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു.<br><br>1. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും പുതിയ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള **സ്വയം തൊഴിൽ വായ്പാ പദ്ധതി - 16799 പേർക്ക്.**<br><br>2. പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ പിന്നാക്ക ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള **'പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പാ പദ്ധതി' - 294 പേർക്ക്.**<br><br>3. പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്കും ന്യൂനപക്ഷങ്ങൾക്കും ഇന്ത്യയിലും വിദേശത്തും ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി **'വിദ്യാഭ്യാസ വായ്പാ പദ്ധതി' - 570 പേർക്ക്.**<br><br>4. പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള **സ്റ്റാർട്ട്അപ്പ് സ്വയം തൊഴിൽ പദ്ധതി - 13 പേർക്ക്.**<br><br>5. സമൂഹത്തിലെ ഏറ്റവും താഴ്ന്ന വരുമാനക്കാർക്ക് ചെറിയ വായ്പകൾ |

ലഭ്യമാക്കുന്നതിനായി സന്നദ്ധ സംഘടനകളും കുടുംബശ്രീ CDS കളും വഴി **മൈക്രോ ഫിനാൻസ് പദ്ധതി - 155695 പേർക്ക്.**

6. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും തങ്ങളുടെ ബഹുവിധ ആവശ്യങ്ങൾക്കായി **സുവർണശ്രീ വായ്പാ പദ്ധതി - 20119 പേർക്ക്.**

7. താഴ്ന്ന വരുമാനക്കാരായ ഒ.ബി.സി./ മതന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികൾക്കുള്ള **വിവാഹ ധനസഹായ വായ്പ – 5039 പേർക്ക്.**

8. നിലവിൽ സ്വയം തൊഴിൽ സംരംഭം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞവർക്ക് നിലവിലെ സംരംഭം വിപുലീകരിക്കുന്നതിന് **Business Development വായ്പ – 229 പേർക്ക്.**

9. കെ.എസ്.ബി.സി.ഡി.സി. യിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനു ശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർഥം നൽകുന്നതിനായി **പ്രവർത്തന മൂലധന വായ്പ - 1072 പേർക്ക്.**

10. സർക്കാർ / അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി./ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് വ്യക്തിഗത ആവശ്യങ്ങൾക്കായി **വ്യക്തിഗത വായ്പാ പദ്ധതി - 5354 പേർക്ക്.**

11. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ഗൃഹ പുനരുദ്ധാരണത്തിന്നൽകുന്ന **സ്വസ്ഥഗൃഹ വായ്പാ പദ്ധതി - 127 പേർക്ക്.**

12. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക്ടൂ വീലർ, ഫോർ വീലർ എന്നിവ വാങ്ങുന്നതിനുള്ള **വാഹന വായ്പാ പദ്ധതി - 57 പേർക്ക്.**

13. ഭവന രഹിതരായ പിന്നാക്ക / മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വീട്

| | | | | |
|---|---|---|---|---|
| | | | | നിർമ്മിക്കുന്നതിനുള്ള **എന്റെ വീട് ഭവന നിർമാണ വായ്പാ പദ്ധതി - 1877 പേർക്ക്.**<br><br>14. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി **വിദ്യശ്രീ വായ്പാ പദ്ധതി - 1374 പേർക്ക്.**<br><br>15. പിന്നാക്ക വിഭാഗത്തിൽപ്പെട്ട വഴിയോര കച്ചവടക്കാർക്കായി **ഉണർവ് വായ്പാ പദ്ധതി - 1 ആൾക്ക്.**<br><br>16. സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 60 വയസ്സ് അധികരിക്കാത്ത ലൈസൻസും ബാഡ്ജും ഉള്ള ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇലക്ട്രിക് / സി.എൻ.ജി. ഓട്ടോ ടാക്സികൾ വാങ്ങുന്നതിനും തങ്ങളുടെ പെട്രോൾ വാഹനങ്ങൾ സി.എൻ.ജി. യിലേയ്ക്ക് മാറ്റുന്നതിനുമുള്ള **ഗ്രീൻ വീൽ സ്വയം തൊഴിൽ വായ്പാ പദ്ധതി - 13 പേർക്ക്.** |

സെക്ഷൻ ഓഫീസർ